മലയാളം

# നിത്യഹരിത രചനകൾ

- അപ്പു നെടുങ്ങാടി രചിച്ച കുന്ദലതയെയാണ് മലയാളത്തിലെ ആദ്യനോവലായി കണക്കാക്കുന്നത്.
- ലക്ഷണയുക്തമായ ആദ്യ മലയാള നോവൽ ചന്തുമേനോൻ രചിച്ച ഇന്ദുലേഖ ആണ്.
- എം.കെ. മേനോൻ (വിലാസിനി) എഴുതിയ അവകാശികൾ ആണ് മലയാളത്തിലെ ഏറ്റവും വലിയ നോവൽ. നാലുഭാഗമുള്ള നോവലിന്റെ രചനാപശ്ചാത്തലം മലേഷ്യയാണ്. മലയാളികളും മലേഷ്യക്കാരും ചീനക്കാരും കഥാപാത്രങ്ങളായ ഈ നോവൽ സങ്കീർണമായ ദാമ്പത്യബന്ധങ്ങളുടെ കഥ പറയുന്നു. ഇതിനെ ആധുനികയുഗത്തിന്റെ മഹാഭാരതം എന്ന് വിശേഷിപ്പിക്കുന്നു.
- ദൈർഘ്യത്തിന്റെ കാര്യത്തിൽ രണ്ടാംസ്ഥാനം തകഴിയുടെ കയർ എന്ന നോവലിനാണ്.

**മലയാളത്തിലെ പ്രശസ്തരായ രണ്ട് എഴുത്തുകാർ ചേർന്ന് എഴുതിയ നോവലുകൾ:**

- അറബിപ്പൊന്ന്
  **എം.ടി. വാസുദേവൻ നായർ, എൻ.പി. മുഹമ്മദ്**
- അമാവാസി
  **കെ.എൽ. മോഹനവർമ, മാധവിക്കുട്ടി**
- നവഗ്രഹങ്ങളുടെ തടവറ
  **പുനത്തിൽ കുഞ്ഞബ്ദുള്ള, സേതു**

**പുരാണകഥകളുടെ പശ്ചാത്തലത്തിലുള്ള നോവലുകൾ:**

- **രണ്ടാമൂഴം (എം.ടി.)**
  ഭീമസേനൻ കഥാപാത്രമായുള്ള നോവൽ
- **ഇനി ഞാൻ ഉറങ്ങട്ടെ (പി.കെ. ബാലകൃഷ്ണൻ)**
  പാഞ്ചാലിയും കർണനും മുഖ്യ കഥാപാത്രമായുള്ള നോവൽ
- **ഇന്നലത്തെ മഴ (എൻ. മോഹനൻ)**
  പറയിപെറ്റ പന്തിരുകുലത്തിന്റെ കഥ പറയുന്ന നോവൽ
- **സീതായനം (കെ. സുരേന്ദ്രൻ)**
  സീതയെ അവലംബമാക്കി രചിച്ച നോവൽ

**പ്രമുഖ വ്യക്തികൾ കേന്ദ്രകഥാപാത്രമായ നോവലുകൾ:**

- അർധനഗ്നർ (പുഴങ്കര ബാലകൃഷ്ണൻ)
  **ഗാന്ധിജി**
- ശാക്യസിംഹൻ (വി.ആർ. പരമേശ്വരൻ പിള്ള)
  **ബുദ്ധൻ**
- തിക്കടൽ കടഞ്ഞ് തിരുമധുരം (സി. രാധാകൃഷ്ണൻ)
  **എഴുത്തച്ഛൻ**
- പർവതങ്ങളിലെ കാറ്റ് (ജോർജ് ഓണക്കൂർ)
  **ഇന്ദിരാഗാന്ധി**
- വ്യക്തിയിലെ വ്യക്തി (പള്ളിക്കര വി.പി. മുഹമ്മദ്)
  **എബ്രഹാം ലിങ്കൺ**
- കേരളസിംഹം (കെ.എം. പണിക്കർ)
  **പഴശ്ശിരാജ**
- അഗ്നിക്കുമീതെ നടന്നവനെക്കുറിച്ച് (നെറ്റിയാടൻ ജോസഫ്)
  **നക്സലൈറ്റ് വർഗീസ്**
- ഒരു സങ്കീർത്തനംപോലെ (പെരുമ്പടവം)
  **റഷ്യൻ നോവലിസ്റ്റ് ദസ്തയേവ്സ്കി**
- ചരിത്രത്തിനൊപ്പം നടന്ന ഒരാൾ (അനിൽ കുമാർ എ.വി.)
  **– ഇ.എം.എസ്.**

**സംഭവങ്ങൾ പ്രമേയമായ നോവലുകൾ:**

- ധർമപുരാണം (ഒ.വി. വിജയൻ)
  **ഇന്ത്യൻ അടിയന്തരാവസ്ഥ**
- ഉലക്ക (പി. കേശവദേവ്)
  **പുന്നപ്ര വയലാർ സമരം**
- തലയോട് (തകഴി)
  **പുന്നപ്ര വയലാർ സമരം**
- കണ്ണാടി (പി. കേശവദേവ്)
  **റഷ്യൻ വിപ്ലവം**
- സുന്ദരികളും സുന്ദരന്മാരും (ഉറൂബ്)
  **മലബാർ ലഹള**

**മലയാള നോവലുകളിലെ പ്രശസ്തമായ ചില കഥാപാത്രങ്ങൾ, അവർ ഉൾപ്പെടുന്ന കൃതികൾ, അവരുടെ സ്രഷ്ടാക്കൾ**

- അനന്തപദ്മനാഭൻ, ഭ്രാന്തൻ ചാന്നാൻ
  **മാർത്താണ്ഡവർമ (സി.വി. രാമൻപിള്ള)**
- ചന്ത്രക്കാരൻ, ത്രിപുരസുന്ദരി കുഞ്ഞമ്മ, മാമാ വെങ്കിടൻ
  **ധർമരാജ (സി.വി. രാമൻപിള്ള)**
- പെരിഞ്ചക്കോടൻ, കൊടന്തയാശാൻ, കാളിപ്രഭാവഭട്ടൻ, കണ്ഠിവരായർ
  **രാമരാജബഹദൂർ (സി.വി. രാമൻപിള്ള)**
- പങ്കിപ്പണിക്കർ
  **പ്രേമാമൃതം (സി.വി. രാമൻപിള്ള)**
- പഞ്ചാമൃതക്കൊച്ചമ്മ
  **കുറുപ്പില്ലാക്കളരി (സി.വി. രാമൻപിള്ള)**
- കൈതേരി മാക്കം
  **കേരളസിംഹം (സർദാർ കെ.എം. പണിക്കർ)**
- സൂരിനമ്പൂതിരിപ്പാട്
  **ഇന്ദുലേഖ (ചന്തുമേനോൻ)**
- വൈത്തിപ്പട്ടർ
  **ശാരദ (ചന്തുമേനോൻ)**
- ചെമ്പൻകുഞ്ഞ്, കറുത്തമ്മ
  **ചെമ്മീൻ (തകഴി)**
- തെരുകാരത്തി എരുമ
  **ഒരു ദേശത്തിന്റെ കഥ (എസ്.കെ. പൊറ്റെക്കാട്ട്**
- ഓമഞ്ചി
  **ഒരു തെരുവിന്റെ കഥ (എസ്.കെ. പൊറ്റെക്കാട്ട്)**
- കുഞ്ഞേനാച്ചൻ
  **അരനാഴികനേരം (പാറപ്പുറം)**
- ഫാദർ മാന്തോപ്പൻ
  **അൽത്താര (പൊൻകുന്നം വർക്കി)**
- ക്ളാസിപ്പേർ, കൊടാന്ത്രമൂത്താശാൻ
  **കയർ (തകഴി)**
- ചുടലമുത്തു
  **തോട്ടിയുടെ മകൻ (തകഴി)**
- ചെല്ലപ്പൻ
  **അനുഭവങ്ങൾ പാളിച്ചകൾ (തകഴി)**
- തങ്കമ്മ , സർ സി.പി.
  **ഏണിപ്പടികൾ (തകഴി)**
- പപ്പു
  **ഓടയിൽ നിന്ന് ( കേശവദേവ്)**
- സൈമൺ
  **സ്വർഗദൂതൻ (പോഞ്ഞിക്കര റാഫി)**
- ആവണിമുത്തു
  **കവിതക്കേസ് (ഇ.വി. കൃഷ്ണപിള്ള)**
- പള്ളിബാണൻ
  **ഭൂതരായർ (അപ്പൻ തമ്പുരാൻ)**
- മാധവിക്കുട്ടി
  **ദൊരശ്ശിണി (കെ.എം. പണിക്കർ)**
- മായൻ
  **ഉമ്മാച്ചു (ഉറൂബ്)**
- ഇരുമ്പൻ ഗോവിന്ദൻ നായർ
  **സുന്ദരികളും സുന്ദരന്മാരും (ഉറൂബ്)**
- വട്ടനടിമ
  **ൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന് (ബഷീർ)**
- സുഹ്റ
  **ബാല്യകാലസഖി (ബഷീർ)**
- അപ്പുണ്ണി
  **നാലുകെട്ട് (എം.ടി.)**
- അപ്പു
  **ഓപ്പോൾ (എം.ടി.)**
- വിമല
  **മഞ്ഞ് (എം.ടി.)**
- ഗോവിന്ദൻകുട്ടി
  **അസുരവിത്ത് (എം.ടി.)**
- സേതു
  **കാലം (എം.ടി.)**
- നാണി ടീച്ചർ
  **മുത്തശ്ശി (ചെറുകാട്)**
- തേതിക്കുട്ടി, ദേവകി മാനമ്പള്ളി
  **അഗ്നിസാക്ഷി (ലളിതാംബികാ അന്തർജനം)**
- ദാസൻ
  **മയ്യഴിപ്പുഴയുടെ തീരങ്ങളിൽ (എം. മുകുന്ദൻ)**
- അൽഫോൺസച്ചൻ
  **ദൈവത്തിന്റെ വികൃതികൾ (എം. മുകുന്ദൻ)**
- രമേശ് പണിക്കർ
  **ഹരിദ്വാറിൽ മണി മുഴങ്ങുന്നു (എം. മുകുന്ദൻ)**
- അരവിന്ദൻ
  **ഡെൽഹി (എം. മുകുന്ദൻ)**
- അപ്പുക്കുട്ടൻ
  **കേശവന്റെ വിലാപങ്ങൾ (എം. മുകുന്ദൻ)**
- ചിയ്യയ്യിക്കുട്ടി
  **പുലയപ്പാട്ട് (എം. മുകുന്ദൻ)**
- മനു
  **അജ്ഞതയുടെ താഴ്വര (കാക്കനാടൻ)**
- ശിവൻ
  **ഉഷ്ണമേഖല (കാക്കനാടൻ)**
- ഒറോത
  **ഒറോത (കാക്കനാടൻ)**
- അള്ളാപ്പിച്ചാ മൊല്ലാക്ക
  **ഖസാക്കിന്റെ ഇതിഹാസം (ഒ.വി. വിജയൻ)**
- പ്രജാപതി, ലാവണ്യ
  **ധർപുരാണം (ഒ.വി. വിജയൻ)**
- നാരായണൻ
  **പ്രവാചകന്റെ വഴി (ഒ.വി. വിജയൻ)**
- ചാമിയാരപ്പൻ
  **തലമുറകൾ (ഒ.വി. വിജയൻ)**
- ഉണ്ണിരി മുത്തപ്പൻ
  **തട്ടകം (കോവിലൻ)**
- കുന്ദൻ
  **മരുഭൂമികൾ ഉണ്ടാകുന്നത് (ആനന്ദ്)**
- ധർമ്മാധികാരി
  **വ്യാസനും വിഘ്നേശ്വരനും (ആനന്ദ്)**
- ഇബ്നു ബത്തൂത്ത
  **ഗോവർദ്ധനന്റെ യാത്രകൾ (ആനന്ദ്)**
- രഘു, അമ്മാഞ്ചി
  **വേരുകൾ (മലയാറ്റൂർ)**
- പൂയില്യൻ, ടോമി
  **പരിണാമം (എം.പി. നാരായണപിള്ള)**
- ദാസ്
  **പ്രകൃതിനിയമം (സി.ആർ. പരമേശ്വരൻ)**
- സേതുലക്ഷി
  **അഭയം (പെരുമ്പടവം ശ്രീധരൻ)**
- ജെവരപ്പെരുമാൾ
  **മാവേലി മൻറം (കെ.ജെ. ബേബി)**
- കാർത്തി
  **സൂഫി പറഞ്ഞ കഥ (കെ.പി. രാമനുണ്ണി)**
- സിസ്റ്റർരെൻറ
  **ഇഷ്ടികയും ആശാരിയും (സക്കറിയ)**
- കുട്ടിപ്പാപ്പൻ
  **ആലാഹയുടെ പെൺമക്കൾ (സാറാ ജോസഫ്)**
- വടക്കനച്ചൻ
  **ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ (എൻ.എസ്. മാധവൻ)**
- ഹാബേലച്ചൻ
  **ഗ്രീഷ്മജ്വാലകൾ (പെരുമ്പടവം ശ്രീധരൻ)**
- നജീബ്
  **ആടുജീവിതം (ബെന്യാമിൻ)**
- ചേതന
  **ആരാച്ചാർ (കെ.ആർ. മീര)**
- ദാമു
  **ചരമവാർഷികം (കെ.പി. രാമനുണ്ണി)**

## മാതൃകാ ചോദ്യങ്ങൾ

1. മലയാളത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ നോവൽ
   (a) കയർ
   (b) അവകാശികൾ
   (c) രാമരാജബഹദൂർ
   (d) ധർമരാജ
2. തകഴിയുടെ ഏതു കൃതിയിലെ കഥാപാത്രമാണ് 'ചുടലമുത്തു'
   (a)കയർ
   (b)തോട്ടിയുടെ മകൻ
   (c) അനുഭവങ്ങൾ പാളിച്ചകൾ
   (d)ഏണിപ്പടികൾ
3. നജീബ് ഏതു നോവലിലെ കഥാപാത്രമാണ്
   (a) ആരാച്ചാർ
   (b) സൂഫി പറഞ്ഞ കഥ
   (c) മാവേലി മൻറം
   (d) ആടുജീവിതം
4. എം.ടി. വാസുദേവൻ നായരും എൻ.പി.മുഹമ്മദും ചേർന്നെഴുതിയ നോവൽ
   (a) അമാവാസി
   (b) നവഗ്രഹങ്ങളുടെ തടവറ
   (c) അറബിപ്പൊന്ന്
   (d)ഓഹരി
5. എഴുത്തച്ഛന്റെ ജീവിതകഥയുടെ പശ്ചാത്തലത്തിൽ രചിച്ച നോവൽ
   (a)തിക്കടൽ കടഞ്ഞ് തിരുമധുരം
   (b) അഗ്നിക്കുമീതെ നടന്നവനെക്കുറിച്ച്
   (c) ശാക്യസിംഹൻ
   (d) പർവതങ്ങളിലെ കാറ്റ്
6. ഉണ്ണിരി മുത്തപ്പൻ ഏതു കൃതിയിലെ കഥാപാത്രമാണ്
   (a) വിദൂഷകക്കൂത്ത്
   (b) ഭാസ്കരപ്പട്ടേലരും ഞാനും
   (c)തട്ടകം
   (d)ഏണിപ്പടികൾ
7. നാണി ടീച്ചർ ഏതുകൃതിയിലെ കഥാപാത്രമാണ്
   (a) തലമുറകൾ
   (b) മഞ്ഞ്
   (c) മുത്തശ്ശി
   (d) പരിണാമം
8. ഇ.എം.എസ് നമ്പൂതിരിപ്പാട് കഥാപാത്രമായ കൃതി
   (a)തിക്കടൽ കടഞ്ഞു തിരുമധുരം
   (b)ചരിത്രത്തിനൊപ്പം നടന്ന ഒരാൾ
   (c)എന്നെ തിരയുന്ന ഞാൻ
   (d) അക്കപ്പോരിന്റെ ഇരുപതു നസ്രാണി വർഷങ്ങൾ
9. ദാമു എന്ന കഥാപാത്രത്തിന്റെ സ്രഷ്ടാവ്
   (a) കെ. ആർ. മീര
   (b) കെ. പി.രാമനുണ്ണി
   (c) ബെന്യാമിൻ
   (d) അനിൽകുമാർ.എ.വി
10. രണ്ടാമൂഴം എന്ന നോവലിലെ പ്രധാന കഥാപാത്രം
   (a) ധർമപുത്രർ
   (b)കർണൻ
   (c) ഭീമസേനൻ
   (d) യുധിഷ്ഠിരൻ

**ഉത്തരങ്ങൾ:**
1.(a), 2.(b), 3.(d), 4.(c), 5.(a), 6.(c), 7.(c), 8.(b), 9.(b), 10.(c)

PSC HUNT